## ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിന്റെ വികസനപ്രവർത്തനം

163 (4351) ശ്രീ. കെ. അച്ചുതൻ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ യഥാസമയം ജനങ്ങളിൽ എത്തിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനായി ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പിൽ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) സർക്കാരിന്റെ വികസന പ്രവർത്തനങ്ങളും വാർത്തകളും ശേഖരിച്ച് ബഹുജനങ്ങൾക്കും മാധ്യമങ്ങൾക്കും യഥാസമയം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ബാധകമല്ല.

(സി) സ്വീകരിക്കുന്നതാണ്.

## സി-ഡിറ്റിന്റെ പ്രവർത്തനച്ചെലവ്

164 (4352) ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റിന്റെ പ്രവർത്തനം എത്ര ടീമുകളായാണ് നടത്തുന്നത് ; ഏതൊക്കെയാണവ ; വിശദാംശങ്ങൾ അറിയിക്കാമോ ;

(ബി) ഓരോ ടീമിന്റെയും ലീഡർമാർ ആരാണെന്നും അവരുടെ വിദ്യാഭ്യാസ യോഗ്യത എന്താണെന്നും വ്യക്തമാക്കാമോ ;

(സി) നടപ്പു സാമ്പത്തികവർഷം ഇതേവരെയായി ഓരോ ടീമിന്റെയും വരുമാനം എത്രയാണെന്നും ശമ്പളം ഉൾപ്പെടെയുള്ള ഓരോ ടീമിന്റേയും മൊത്തം ചെലവുകൾ എത്രയാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ & ബി) 14 ടീമുകൾ. വിശദാംശങ്ങൾ അനുബന്ധം 'എ' ആയി ചേർത്തിരിക്കുന്നു.*

(സി) അനുബന്ധം 'ബി' ആയി ചേർത്തിട്ടുണ്ട്.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly